കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് (08.01.2012)

# വിക്കിപീഡിയ പഠനശിബിരം

ദേശീയപുസ്തകോത്സവത്തിൽ വിക്കിപീഡിയ കൂടുതൽ മലയാളികളിലേക്ക് എത്തിക്കുന്നതിനായി ഏകദിന പഠനശിബിരം നടന്നു. വിക്കിപീഡിയനായ കണ്ണൻ ഷൺമുഖം അധ്യക്ഷത വഹിച്ച ശിബിരം അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. രണ്ടുഭാഗങ്ങളായി നടന്ന ശിബിരത്തിൽ ആദ്യഭാഗത്ത് വിശ്വപ്രഭ എന്ന വിക്കിപീഡിയ ഉപയോക്താവ് എന്താണ് വിക്കി, എന്താണ് വിക്കിപീഡിയയുടെ മറ്റ് സംരംഭങ്ങൾ എന്നിവ സദസ്സിന് പരിചയപ്പെടുത്തി.

രണ്ടാംഭാഗത്ത് വിക്കി ഉപയോക്താവായ കിരൺ ഗോപി വിക്കിപീഡിയയിൽ ലേഖനങ്ങൾ തിരയുന്നതും പുതിയ ലേഖനങ്ങൾ ചേർക്കുന്നതും അവയിൽ ആവശ്യമായ മാറ്റം വരുത്തുന്നതും എങ്ങനെയെന്ന് പഠിപ്പിച്ചു. മനോജ് കെ.മോഹൻ എന്ന വിക്കി ഗ്രന്ഥശാലാകാര്യനിർവാഹകൻ വിക്കി ഗ്രന്ഥശാലയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ സദസ്സിന് പരിചയപ്പെടുത്തി. അമ്പതോളം പേർ പങ്കെടുത്തു. ടി.കെ.സുജിത് നന്ദി പ്രകാശിപ്പിച്ചു.

**ആർ.ഗോപാലകൃഷ്ണൻ**
സെക്രട്ടറി & ജനറൽ കൺവീനർ